ചെയ്തു കഴിഞ്ഞിട്ടുണ്ട്. കൂടാതെ രണ്ടാംഗഡു ലഭിക്കേണ്ട ബാക്കി അപേക്ഷകർക്ക് ഗഡു വിതരണം ചെയ്യുന്നതിനുവേണ്ടി പണം അലോട്ടു ചെയ്തിട്ടുണ്ട്.

(എഫ്) 1985–86 സാമ്പത്തികവർഷത്തിൽ ഗ്രാൻറിനത്തിലും ലോണിനത്തിലുമായി 2103.70 ലക്ഷം രൂപ ചെലവഴിച്ചു.

(ജി) സർക്കാർ ഗ്രാൻറിനത്തിൽ 16.39 കോടിരൂപ.

(എച്ച്) ബാക്കിയുള്ള തുക ധനകാര്യസ്ഥാപനങ്ങൾവഴി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

സന്നദ്ധ സംഘടനകൾ മുഖേന വിതരണം ചെയ്ത ഭവനനിർമ്മാണ വായ്പകൾ

650 [613] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86 വർഷത്തിൽ സന്നദ്ധ സംഘടനകൾ മുഖേന വിതരണം ചെയ്ത ഭവനനിർമ്മാണ വായ്പകൾ ഏതെല്ലാം ഇനങ്ങളിൽ പെടുന്നു;

(ബി) അതിനുവേണ്ടി മൊത്തം എത്ര തുക ചെലവഴിച്ചു;

(സി) വായ്പക്കുവേണ്ടി അപേക്ഷ സമർപ്പിച്ചവർക്കെല്ലാം വായ്പ നൽകാൻ ബോർഡിനു കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) സന്നദ്ധ സംഘടനകൾ മുഖേനയുള്ള സ്വയംസഹായ ഭവനനിർമ്മാണ പദ്ധതിയിൽ വായ്പയും ഗ്രാൻറും ബന്ധപ്പെട്ട സന്നദ്ധസംഘടനയുടെയും ഗുണഭോക്താവിൻെറയും പേരിലുള്ള ബാങ്ക് അക്കൗണ്ട് വഴിയാണ് വിതരണം ചെയ്യുന്നത്. പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയിലും ചില ജില്ലകളിൽ ഈ നടപടിക്രമം സ്വീകരിച്ചിട്ടുണ്ട്.

(ബി) 1985–86–ൽ സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സ്വയംസഹായ ഭവനനിർമ്മാണ പദ്ധതിക്കുവേണ്ടി 75.875 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) എല്ലാ അപേക്ഷകർക്കും മുഴുവൻ തുകയും നൽകാൻ സാധിച്ചിട്ടില്ല.

പുനരധിവാസ ഭവനനിർമ്മാണ പദ്ധതി അനുസരിച്ചുള്ള വീടുകളുടെ പണിക്കുവേണ്ടി നൽകുന്ന വായ്പ

651 [614] ശ്രീ. എം. ജിനദേവൻ:
,, ജി. വരദൻ:
,, സി. കെ. തങ്കപ്പൻ:
,, വി. കേശവൻ:
,, വർക്കല രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പുനരധിവാസ ഭവനനിർമ്മാണ പദ്ധതി അനുസരിച്ചുള്ള വീടുകളുടെ പണിക്കുവേണ്ടി നൽകുന്ന വായ്പത്തുക പതിനായിരം രൂപയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly